## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4334 25.06.2019-ൽ മറുപടിയ്ക്ക്

# പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.വി. അബ്ദുറഹിമാൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.ജോർജ് എം. തോമസ് | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | പൊതുമരാമത്ത് നിർമ്മാണ പ്രവർത്തനങ്ങളുടെ കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് നിർമ്മാണ പ്രവർത്തനങ്ങളുടെ കാലതാമസം ഒഴിവാക്കുന്നതിനായി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചു കഴിഞ്ഞാൽ 3 മാസത്തിനുള്ളിൽ തന്നെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞാൽ ആയത് തടസ്സം കൂടാതെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ദേശീയപാത വിഭാഗത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ കാലതാമസ്സം ഒഴിവാക്കുന്നതിന്റെ ഭാഗമായി 5 കോടി രൂപയ്ക്ക് മുകളിൽ പദ്ധതി ചെലവ് വരുന്ന പ്രവൃത്തികൾ EPC മുഖാന്തിരം നടപ്പിലാക്കുകയും പ്രസ്തുത രീതിയിലുള്ള കരാറിൽ പുരോഗതിയിൽ കാലതാമസ്സം ഉണ്ടാകുകയോ നിശ്ചയിച്ച രീതിയിൽ മൈൽസ്റ്റോൺ നേടാതെ വരികയുമാണെങ്കിൽ പെനാൽറ്റി ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. ദേശീയ പാതാ വിഭാഗത്തിലെ മറ്റ് പ്രവൃത്തികളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ ജനറൽ കണ്ടീഷൻ പ്രകാരം പൂർത്തീകരണത്തിന് കാലതാമസ്സം വരുത്തുന്ന പക്ഷം പെനാൽറ്റി ഈടാക്കാൻ വ്യവസ്ഥയുണ്ട്. |
| (ബി) | നിർമ്മാണങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്കായി റീജ്യണൽ ഡിസൈൻ ഓഫീസുകളും ക്വാളിറ്റി കൺട്രോൾ ലാബുകളും ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | ഉണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണ നിലവാര പരിശോധനയ്ക്കായി തിരുവനന്തപുരം, എറണാകുളം. കോഴിക്കോട് എന്നീ |

ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും മറ്റു ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തനം നടത്തി വരുന്നു.

**(സി)** ഇതുമായി ബന്ധപ്പെട്ട് കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധന സാമഗ്രികളുടെയും പ്രവർത്തനങ്ങളുടെയും ഒന്നാം ഘട്ട ഗുണനിലവാര പരിശോധന നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തി വരുന്നു. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ, പൊതുമരാമത്ത് വകുപ്പ് വിജിലൻസ്, പോലീസ് വിജിലൻസ് എന്നിവർക്ക് വേണ്ട ഗുണനിലവാര പരിശോധനയും മാർഗ്ഗ നിർദ്ദേശങ്ങളും നൽകി വരുന്നു.

**(ഡി)** പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക, സാങ്കേതികേതര ജീവനക്കാർക്ക് ഇത് സംബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ട് നൽകി വരുന്ന പരിശീലനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(ഡി) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ഗുണനിലവാരത്തെ സംബന്ധിച്ചും നിർമ്മാണത്തിൽ ഉപയോഗപ്പെടുത്താവുന്ന നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചും ദേശീയ തലത്തിലെ വിദഗ്ധരുടെ നേതൃത്വത്തിൽ പരിശീലന പരിപാടികളും സെമിനാറുകളും നടത്താറുണ്ട്. കൂടാതെ വകുപ്പിൽ പുതുതായി നിയമിക്കപ്പെടുന്ന എല്ലാ വിഭാഗം സാങ്കേതിക ജീവനക്കാർക്കും ഇൻഡക്ഷൻ ട്രെയിനിംഗ് നടത്തുന്നുണ്ട്. ഇപ്രകാരം 33 പരിശീലനങ്ങൾ 2017-18 വർഷവും, 22 പരിശീലനങ്ങൾ 2018-19 വർഷവും നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ